പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ- 3401 18/02/2013-ലെ മറുപടിയ്ക്ക്

ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന)

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്. ജയലാൽ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പ് സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്; പദ്ധതികളുടെ പേരും നടപ്പാക്കുന്ന ജില്ലയും അറിയിക്കുമോ; | എ) ആർ.കെ.വി.വൈ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പ്, കാർഷിക വിളകളുടെ ഉൽപ്പാദന വർദ്ധനവിനുള്ളതും അടിസ്ഥാന സൗകര്യവികസനത്തിനുള്ളതും കാർഷിക യന്ത്രവൽക്കരണത്തിനുള്ളതുമായ പദ്ധതികളാണ് നടപ്പിലാക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം കൂടിയ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി സംസ്ഥാന കൃഷി വകുപ്പ് സമർപ്പിച്ച മൂന്ന് പദ്ധതികളാണ് അംഗീകരിച്ചത്. പദ്ധതികളുടെ പേരും അനുവദിച്ച തുകയും നടപ്പിലാക്കുന്ന ജില്ലയും ചുവടെ ചേർക്കുന്നു. |

| പദ്ധതി | തുക | നടപ്പിലാക്കുന്ന ജില്ല |
|---|---|---|
| നെല്ലുൽപാദന മേഖലകളിൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതി | 3000.00 ലക്ഷം | എല്ലാ ജില്ലകളും |
| തരിശുഭൂമിയിൽ കരാറടിസ്ഥാനത്തിൽ കൃഷി | 940.00 ലക്ഷം | എല്ലാ ജില്ലകളും |
| നാളീകേര വികസന പദ്ധതി | 1050.00 ലക്ഷം | പത്തനംതിട്ട<br>ആലപ്പുഴ<br>കോട്ടയം<br>പാലക്കാട്<br>മലപ്പുറം<br>കോഴിക്കോട്<br>കണ്ണൂർ<br>കാസർഗോഡ്. |

| | |
|---|---|
| ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നത് ഏതൊക്കെ ഏജൻസികൾ മുഖാന്തിരമാണ്; വിശദാംശം അറിയിക്കുമോ; | ബി) കൃഷിയും അനുബന്ധ വകുപ്പുകളായ മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം, മണ്ണ് സംരക്ഷണവും പര്യവേഷണവും വകുപ്പ് എന്നിവർക്കും ടി വകുപ്പുകളുടെ പൊതുമേഖലാ സ്ഥാപനങ്ങളായ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, വി.എഫ്.പി.സി.കെ, സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, കേരള സീഡ് ഡെവലപ്മെന്റ് അതോറിറ്റി, ഹോർട്ടികോർപ്പ്, കേരള ഫീഡ്സ്, കേരള പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മിൽമ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, അഡാക്ക്, ഫിർമ, മത്സ്യഫെഡ് എന്നിവർക്കും ആർ.കെ.വി.വൈ പദ്ധതികൾ നടപ്പിലാക്കുവാൻ ഫണ്ട് നൽകാറുണ്ട്. ഇതിനു പുറമെ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, മൈനർ ഇറിഗേഷൻ വകുപ്പ്, കാർഷിക സർവ്വകലാശാല, കാർഡ് കെവികെ, കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം (സി.റ്റി.സി.ആർ.ഐ), ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഓണാട്ടുകര വികസന ഏജൻസി എന്നിവർക്കും ആർ.കെ.വി.വൈ യിൽ അംഗീകരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ ഫണ്ട് നൽകാറുണ്ട്. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആർ.കെ.വി.വൈ പദ്ധതി പ്രകാരം എത്ര കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ? | സി) ആർ.കെ.വി.വൈ പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം 300.86 കോടി രൂപയുടെയും 2012-13 വർഷം (നാളിതുവരെ) 105.55 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ